**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 317** **08-06-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുവാൻ നിയമിച്ച സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ; | (എ) | സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുവാൻ നിയമിച്ച സമിതി 30.04.2021 തീയതിയിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണെന്നറിയിക്കാമോ; | (ബി) | സർക്കാരിന്റെ ഭാവിയിലെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് കൊണ്ട് പങ്കാളിത്ത പെൻഷൻ പദ്ധതി തുടരാമെന്നതാണ് റിപ്പോർട്ടിലെ ഒരു നിർദ്ദേശം. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഡി.സി.ആർ.ജി അനുവദിക്കുക, സർക്കാർ വിഹിതം 14% ആക്കി ഉയർത്തുക, 10 വർഷം പൂർത്തിയാക്കാതെ വിരമിക്കുന്ന ജീവനക്കാർക്ക് എക്സ്-ഗ്രേഷ്യ പെൻഷൻ അനുവദിക്കുക, 01.04.2013 ന് മുൻപ് നിയമനനടപടികൾ പൂർത്തിയാക്കി, ഭരണപരമായ കാരണങ്ങളാൽ നിയമനം വൈകി, 01.04.2013 ന് ശേഷം നിയമനം ലഭിച്ചവർക്ക് കെ.എസ്.ആർ ഭാഗം 3 പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള ഓപ്ഷൻ അനുവദിക്കുക എന്നിങ്ങനെയാണ് റിപ്പോർട്ടിലെ മറ്റ് പ്രധാന ശുപാർശകൾ. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | പദ്ധതി പുന:പരിശോധിക്കുമെന്ന് മുൻ സർക്കാർ നൽകിയ ഉറപ്പ് പാലിക്കുവാൻ നിലവിലത്തെ സാഹചര്യത്തിൽ സാധിക്കാതെ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (സി) | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുമെന്ന മുൻ സർക്കാർ നൽകിയ ഉറപ്പ് പാലിക്കുന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ പുന:പരിശോധനാ സമിതിയെ നിയമിച്ചത്. സമിതി അതിന്റെ റിപ്പോർട്ട് സർക്കാരിന് 30.04.2021 തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | പങ്കാളിത്ത പെൻഷൻ പുന പശോധന കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആകെ എന്ത് തുക ചിലവായെന്നറിയിക്കാമോ ? | (ഡി) | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സമിതിയുടെ പ്രവർത്തനത്തിനായി ആകെ 69,82,102 (അറുപത്തി ഒൻപത് ലക്ഷത്തി |

| | | | |
|---|---|---|---|
| | | | എൺപത്തി രണ്ടായിരത്തി ഒരുന്നൂറ്റി രണ്ട് രൂപ) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ